**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5190** **21-03-2025 - ൽ മറുപടിയ്ക്ക്**

**നേര്യമംഗലം ജില്ലാ കൃഷിഫാമിലെ ഫാം ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നേര്യമംഗലം ജില്ലാ കൃഷിഫാമിൽ ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | നേരിയമംഗലം ജില്ലാ കൃഷി ഫാമിൽ ജില്ലാ പഞ്ചായത്ത് അഞ്ച് ലക്ഷം രൂപ വകയിരുത്തി 2024 ഡിസംബർ 6 മുതൽ 9 വരെ ഫാം ഫെസ്റ്റ് സംഘടിപ്പിച്ചു. ഈ ഫെസ്റ്റിൽ നാൽപതിനായിരത്തോളം സന്ദർശകരും ഇരുപതോളം സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികളും പങ്കെടുത്തു. ഇതിനോടനുബന്ധിച്ച് കർഷക സെമിനാർ, ഫാം സന്ദർശനം, ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ എന്നിവ സംഘടിപ്പിച്ചിരുന്നു. വിദ്യാഭ്യാസ ടൂറിസം കൂടി ലക്ഷ്യമാക്കി സ്കൂളുകളെയും പങ്കെടുപ്പിച്ചിട്ടുണ്ട്. ഫെസ്റ്റിൽ നടീൽ വസ്തുക്കളുടെ വിൽപ്പന, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിപണനം, ഫാം ഉത്പന്നങ്ങൾ ഉപയോഗിച്ചുള്ള ഭക്ഷ്യമേള എന്നിവയ്ക്ക് മുഖ്യ പ്രാധാന്യം നൽകി ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി സംയോജിത കൃഷി സമ്പ്രദായം ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾ സംസ്ഥാന പദ്ധതി, ജില്ലാപഞ്ചായത്ത് ഫണ്ട്, ആർ.കെ.വി.വൈ. – ആർ.കെ.ഐ. പദ്ധതികൾ, ആർ.ഐ.ഡി.എഫ് XXVI, ആർ.ഐ.ഡി.എഫ് XXVII എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചു വരുന്നു. ഈ പദ്ധതികളെല്ലാം പൂർത്തിയാകുമ്പോൾ ഫാം ടൂറിസത്തിന് അവ കൂടുതൽ മുതൽക്കൂട്ടാകും. |
| (ബി) | പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് ഇവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കർഷകർക്ക് ഉപകാരപ്രദമായ രീതിയിൽ ഉത്പാദനോപാദികൾ കൂടുതൽ ഉണ്ടാക്കുന്നതിനും, നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിനും, ഫാമിലെ ഫീൽഡ് ഡെമോൺസ്ട്രേഷനിലൂടെ കർഷകർക്ക് പ്രയോജനപ്പെടുത്തുന്നതിനും, പ്രോജനി ഓർച്ചാർഡുകളിലൂടെ തെങ്ങ്, ഫലവൃക്ഷത്തോട്ടങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. ഫാം ടൂറിസം, വിദ്യാഭ്യാസ ടൂറിസം ലക്ഷ്യമാക്കി വിവിധ പദ്ധതികളിലൂടെയുള്ള കൃഷി രീതികൾ കർഷകർക്കും |

വിദ്യാർത്ഥികൾക്കും കണ്ട് മനസ്സിലാക്കുന്നതിനും, കർഷർക്കായി ട്രെയിനിംഗ് നൽകുന്നതിനുള്ള ട്രെയിനിംഗ് സെന്റർ ഉൾപ്പെടെ ഭാവി പദ്ധതി ഉദ്ദേശിക്കുന്നു.

നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ 2023-24 വർഷത്തിൽ ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി ആധുനിക രീതിയിലുള്ള ഫാമിന്റെ കമാനം പൂർത്തീകരിച്ചിട്ടുണ്ട്. ടിക്കറ്റ് കൗണ്ടർ, നൂതന രീതിയിലുള്ള വിപണന കേന്ദ്രം, റെസ്റ്റോറന്റ് എന്നിവ പൂർത്തീകരണ ഘട്ടത്തിലാണ്. മുൻ വർഷങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയതും തുടർന്നു വരുന്നതുമായ പദ്ധതികൾ താഴെ പറയുന്നവയാണ്.

**<u>ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം (സംയോജിത കൃഷി സംവിധാനം) കൃഷി വകുപ്പിന്റെ ആന്വൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയത്.</u>**

1. ലംബമായുള്ള കൃഷി രീതി (വെർട്ടിക്കൽ ഫാമിംഗ് സിസ്റ്റം)

2. കോഴി വളർത്തൽ

3. നൂതന ആട് വളർത്തൽ ഷെഡ്

4. താറാവ് ഷെഡും കുളവും

5. ഐ.എഫ്.എസ് ഭാഗത്ത് തറയോട് ഇട്ട് വൃത്തിയാക്കൽ

6. സൗരോർജ്ജ വിളക്കുകൾ

7. സ്റ്റീൽ കൊണ്ട് തയ്യാറാക്കിയ മുയൽക്കൂടുകൾ

8. മുയൽക്കൂടുകൾക്ക് സംരംക്ഷണം നൽകുന്ന ഷെഡ് നിർമ്മാണം

**<u>ക്യാപ്പിറ്റൽ ഔട്ട് ലേ</u>**

1. ഫാം ഓഫീസ് കെട്ടിട നവീകരണവും, ടോയലെറ്റ് നിർമ്മാണവും

2. വിവിധ ബ്ലോക്കുകളിൽ തൊഴിലാളികൾക്ക് ശുചിമുറി നിർമ്മാണം

3. പഴയ ഷെഡിനെ ട്രെയിനിംഗ് ഹാളാക്കി മാറ്റൽ

**<u>ആർ.കെ.വി.വൈ</u>**

1. ജലസേചന ടാങ്ക് നിർമ്മാണം

2. പോത്തിൻ തൊഴുത്ത് നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും

3. പമ്പ് ഹൗസ് നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും

4. കന്നുകാലി ഷെഡ് നിർമ്മാണം

**എസ്.എം.എ.എഫ്**

വിപണന കേന്ദ്രം, മിനി ലാബ്, കോൺഫറൻസ് റൂം, വിത്തുപുര, വളം സ്റ്റോർ, ബഡ്ഡിംഗ് മഴമറ, സെമിപോളി ഹൗസ്, പോട്ടിംഗ് ഷെഡ്, മണ്ണിര കമ്പോസ്റ്റ് യൂണിറ്റ്, സ്റ്റെറിലൈസേഷൻ യൂണിറ്റ്.

**കെ.എൽ.ഡി.സി.ഏറ്റെടുത്ത് നടത്തി വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.**

**ആർ കെ ഐ പദ്ധതികൾ**

1. കർഷകർക്കുള്ള പരിശീലനവും, അതിഥി മന്ദിരവും

2. ചെറുകിട സംസ്കരണ യൂണിറ്റ് (ഫാം ഉൽപ്പന്നങ്ങളുടെ)

3. തടയണ നിർമ്മാണം

4. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സംരംക്ഷിത കൃഷി നിർമ്മിതികൾ

5. സംയോജിത കൃഷി രീതി – കുളങ്ങളും കൂടുകളും ഉൾപ്പെടെ

6. ടോപ്പോഗ്രാഫിക് സർവ്വേയും സർവ്വേയിലൻസും

**ആർ.കെ.വി.വൈ പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്നവ**

1. സംയോജിത കൃഷി – മീൻ വളർത്തലും – കോഴി - താറാവ് വളർത്തൽ യൂണിറ്റ്

2. കൃത്രിമ മീൻ കുളം

3. വിള പ്രദർശനശാല

4. സംരംക്ഷിത കൃഷി നിർമ്മിതികളും വിൽപ്പന പ്രദർശനശാലയും

5. കൂൺ കൃഷി യൂണിറ്റ്

6. തൊഴിലാളികൾക്ക് പരിശീലനം

7. ജലസേചനവും കൃത്യത കൃഷിരീതി

| | | | |
|---|---|---|---|
| | | | 8. അതിസാന്ദ്രതാ ഫലവൃക്ഷകൃഷി<br><br>9. ഫർണ്ണിച്ചർ, ആഫീസ് ഉപകരണങ്ങൾ<br><br>10. ഫാമിന്റെ സമഗ്ര വിവരശേഖരണം<br><br>**ആർ.ഐ.ഡി.എഫ് – 26**<br><br>ടിഷ്യൂകൾച്ചർ ലബോറട്ടറിയുടെ നിർമ്മാണം നടന്നു വരുന്നു.<br><br>**ആർ.ഐ.ഡി.എഫ് – 27**<br><br>ഫാം റോഡുകൾ, നടപ്പാതകൾ, പുഴയോട് ചേർന്ന് ഫാമിന്റെ അതിരിൽ സംരംക്ഷണ ഭിത്തി, കാട്ടാനയുടെ ആക്രമണത്തിനെതിരെ തൂക്കുവേലി മുതലായവ ഇതിൽ ഉൾപ്പെടുന്നു. |
| (സി) | ഫാം ടൂറിസവുമായി ബന്ധപ്പെട്ട് കെ.എൽ.ഡി.സി. ഇവിടെ നടത്തിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | 06-03-2025 തീയതിയിൽ നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ വെച്ച് കെ.എൽ.ഡി.സി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ അവലോകനം നടത്തുകയും പദ്ധതികൾ ഉടൻ പൂർത്തീകരിക്കേണ്ടതാണെന്ന് കെ.എൽ.ഡി.സിക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ